Marthoma Residential School, Tiruvalla
Second Model Examination, Jan 19
- Malayalam -

Class. X
...e Hrs. Mark: 80

## Section: A (40 marks).

I താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒരു വിഷയം തെരഞ്ഞെടുത്ത് ഒരു ഉപന്യാസം തയ്യാറാക്കുക (15)

a) സ്ത്രീപുരുഷ സമത്വം_ നിങ്ങളുടെ കാഴ്ചപ്പാടിൽ
b) സാമൂഹിക പരിവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്ക്
c) വിദ്യാഭ്യാസത്തിൽ വാർത്താമാധ്യമങ്ങൾക്കുള്ള പങ്ക്.
d) നിങ്ങൾ വിഭാവനം ചെയ്യുന്ന ഭരണം - ഒരു വിവരണം
e) നിങ്ങൾ കണ്ട ഒരു സ്വപ്നം യാഥാർത്ഥ്യമായതിന്റെ ഒരു വിവരണം.

II. താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്ന് തെരഞ്ഞെടുത്ത് ഒരു കത്ത് തയ്യാറാക്കുക. (7)

a) യാത്രയ്ക്കിടെ നിങ്ങൾ കണ്ട ഒരു രംഗം, അത് നിങ്ങളെ എത്രമാത്രം ദുഃഖിപ്പിച്ചു എന്ന് കാണിച്ചുകൊണ്ട് വിദേശത്തുള്ള നിങ്ങളുടെ പിതാവിന് ഒരു കത്ത്.

b). ഒരു ട്രെയിൻ യാത്രയ്ക്കിടെ നിങ്ങളുടെ വിലപിടിപ്പുള്ള ചില സാധനങ്ങൾ നഷ്ടപ്പെട്ടുപോയി. ആ കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ടും നഷ്ടപ്പെട്ട സാധനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും റെയിൽവേ സൂപ്രണ്ടിന് ഒരു കത്തെഴുതുക.

III താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവ്വം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

വാക്കിന്റെ കലയാണ് പ്രസംഗം. വാക്കുകളെ അർത്ഥനിഷ്പാദനത്തിന് അനുയോജ്യമാം വിധം ശ്രോതാവിലേക്ക് പ്രവഹിപ്പിക്കുന്നതിനുള്ള ചാതുര്യ വൈദഗ്ദ്ധ്യമാണത്. പ്രസംഗകരായിട്ടുള്ള എല്ലാ ആളുകളും സമ്മതിക്കുന്ന ഒരു കാര്യമുണ്ട്. അറിയാവുന്നതിന്റെ ആയിരത്തിലൊന്നേ പ്രസംഗമണ്ഡപത്തിൽ നിൽക്കുമ്പോൾ ഓർമ്മ വരൂ. ഓർമ്മ വരുന്നതിന്റെ ആയിരത്തിലൊന്നേ സംസാരിക്കാനാവൂ. അപ്പോൾ പ്രസം എത്ര ബുദ്ധിമുട്ടുള്ള ഒന്നാണ്. വാക്കുകൾ തുരുതുരാ വർഷിക്കുന്നതുകൊണ്ട് പ്രസംഗം നന്നാവണമെന്നില്ല. വാക്കുകളിൽ അമിത പിശുക്ക് കാണിച്ചാലും അവസ്ഥ മറ്റൊന്നല്ല. നാം എന്ത് പറയുന്നുവോ അത് താൻ തന്നെയാണ് പറയുന്നതെന്ന ബോധമാണ് പ്രസംഗകന് ആദ്യം വേണ്ടത്. ചിലർ പ്രസംഗിക്കുമ്പോൾ ജനം കൈയടിക്കും. ചിലരുടെ പ്രസംഗം ശ്രവിച്ചിട്ട് ജനം അതുപോലെ ചെയ്യും. സദസ്സിന്റെ കൈയടി വാങ്ങിക്കുന്ന പ്രസംഗം ഉത്കൃഷ്ടം ആകണമെന്നില്ല. എന്നാൽ പ്രസംഗം കേൾവിക്കാർ പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരുമെങ്കിൽ അത് ഉത്കൃഷ്ടമായ പ്രസംഗം തന്നെയാണ്.

പ്രസംഗം കലയാവണം. കല ആസ്വദിക്കാനുള്ളതും ആഹ്ലാദിക്കാനുള്ളതുമാണ്. പ്രസംഗവും അങ്ങനെയാവണം. അത് കേട്ട് ആഹ്ലാദിക്കണം, അതിൽ പറയുന്നത് ചെയ്യണം. വാഗ്മിയുടെ ലക്ഷണം അധികവാക്കിനെയല്ല പ്രോത്സാഹിപ്പിക്കുന്നത്; മിതമായ വാക്കിനെയാണ്. പ്രസംഗം കലയാവണമെങ്കിൽ പ്രസംഗകന് ആദ്യം വേണ്ട ഗുണം ആത്മാർത്ഥതയാണ്. പ്രസംഗത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളവരെല്ലാം വ്യക്തമാക്കിയിട്ടുള്ളതാണ് കാര്യമാണ് അത്. എന്താണ് ആത്മാർ പ്രസംഗകന് സാമ്പത്തിക ലാഭം മാത്രമല്ല വേണ്ടത്. താൻ പറയാൻ പോകുന്ന വസ്തുതയെക്കുറിച്ച് അറിവുണ്ടായിരിക്ക

വ്യക്തവും സ്പഷ്ടവുമായ കാര്യങ്ങൾ മാത്രമേ പ്രസംഗിക്കാൻ പാടുള്ളൂ. ഊഹാപോഹങ്ങൾ പാടില്ല. ആശയം ഭാവമായ കലയായി പ്രസംഗം മാറുമ്പോൾ പ്രസംഗകൻ പ്രസംഗത്തിൽ കയറിയിരിക്കും. അതാണ് ആത്മാർത്ഥത. പ്രസംഗം അധരവ്യായാമമായി അധഃപതിക്കുന്ന ചില സന്ദർഭങ്ങളുണ്ട്. വാക്കും ആശയവും പൊരുത്തമില്ലാതിരിക്കുക, പ്രസംഗവിഷയത്തിൽ കടക്കാതെ ചുറ്റിത്തിരിയുക, ശ്രോതാവിന് സംവദിക്കാനാവാത്ത ഭാഷ കൈകാര്യം ചെയ്യുക എന്നിങ്ങ പ്രസംഗങ്ങൾ അധരവ്യായാമങ്ങളാകും.

ചോദ്യങ്ങൾ:- (10).

a) പ്രസംഗകരായ എല്ലാം ആളുകളും സമ്മതിക്കുന്ന കാര്യമെ

b). പ്രസംഗവും കലയും തമ്മിലുള്ള ബന്ധം എന്ത്?

c). പ്രസംഗകന് വേണ്ട 'ആത്മാർത്ഥത' എന്താണ്?

d) ഉള്ളിൽ തട്ടിയ പ്രസംഗം എങ്ങനെയുള്ളതാണ്?

e). പ്രസംഗങ്ങൾ അധരവ്യായാമം ആകുന്നതെപ്പോൾ?

IV. താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരം എഴുതുക:-

A. ഒറ്റപ്പദം എഴുതുക:-

a) ശിഥിലമായ അവസ്ഥ. (1).

b). എളുപ്പം സാധിക്കാവുന്നത്.

B. അക്ഷരത്തെറ്റ് തിരുത്തുക:-

a) അഷ്ടബന്ഢം. (1)

b). ദുർഗന്ഥം

C. അനുകഥനമാക്കുക:. (1)

കുട്ടി:- (കൗതുകപൂർവ്വം) അമ്മേ!! ഞാൻ ഈ ചെടിയിൽ നിന്ന് പൂക്കൾ പറന്നു പോകുന്നതു കണ്ടോ?

അമ്മ:- (മന്ദഹാസത്തോടെ) എന്റെ കുഞ്ഞേ, അത് പൂക്കളല്ല, ചിത്രശലഭങ്ങളാണെന്ന് നിനക്കറിയില്ലേ?

D. താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെ പറ്റി ഒരു പഴഞ്ചൊല്ല് എഴുതുക.

(a) പശു. (b). തല. (1).

E. താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് രണ്ടു പര്യായം വീതം എഴുതുക.

a) സുഗന്ധം

(b). നാമം (2).

(c) കുതിര.

: ഏതെങ്കിലും രണ്ട് ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക:-

(a. ശോകപര്യവസായി.

(b) മറുകണ്ടം ചാടുക. (2)

(c) ദൂരവ്യാപകം.

## Section: B (40 marks) (5).

രണ്ടു പുസ്തകങ്ങളിൽ നിന്നുമായി ആകെ നാലു ചോദ്യ-
ങ്ങൾക്ക് ഉത്തരം എഴുതുക:-

### മയ്യഴിപ്പുഴയുടെ തീരങ്ങളിൽ (നോവൽ)

താഴെ കൊടുത്തിരിക്കുന്ന പാഠഭാഗം വായിച്ചതിനു ശേഷം ഒടുവിൽ
ചേർത്തിരിക്കുന്ന 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക:-.

**Question 1.**

ഇതെല്ലാം യഥാർത്ഥ്യമാണോ? അഥവാ തനിക്കു ഭ്രാന്തു പിടിച്ചോ
അതേ, തനിക്കു ഭ്രാന്താണ്. അതേ, തനിക്കു ഭ്രാന്തു പിടിക്കുന്നു

ചോദ്യങ്ങൾ:-
(1) തന്റെ ഭാഗത്തും തെറ്റുണ്ട് എന്ന് വാസൂട്ടി കരുതുവാൻ കാരണം എന്ത്? (3).
(2) കടൽക്കാറ്റ് ദാസനെ ഓർമ്മിപ്പിച്ചതെന്ത്? (3)
(3) പടക്കപ്പലുകൾ വരുന്ന വാർത്തയറിഞ്ഞപ്പോൾ കണാരേട്ടൻ ചെയ്തതെന്ത്? (2)
(4) പടക്കപ്പലുകൾ വന്ന വാർത്തയറിഞ്ഞപ്പോൾ മയ്യഴിക്കാർ നടത്തിയ പ്രയാണത്തിന്റെ കഥ വിവരിക്കുക. (2)

**Question 2.**

കാലം മയ്യഴിപ്പുഴയുടെ തീരങ്ങളിൽ അവതരിപ്പിച്ച മഹാനാടകം
അവസാനിക്കയായി. ആ മഹാനാടകത്തിന്റെ ദൃക്സാക്ഷിയായി
കുറമ്പിയമ്മ ജരാനര ബാധിച്ച് തന്റെ അന്ത്യനാൾ കാത്തുകിടന്നു

ചോദ്യങ്ങൾ:-
(1) മദ്യവും മയ്യഴിയും തമ്മിലുള്ള ബന്ധത്തിന്റെ കഥ എഴുതുക. (3)
(2) മദ്യ നിരോധനം നടപ്പിൽ വന്ന ദിവസത്തെ മയ്യഴിയുടെ ചിത്രം വിവരിക്കുക. (3)
(3) യേശുക്രിസ്തുവിന്റെ തിരിച്ചുവരവിനായി കാത്തിരുന്നതുപോലെ കാത്തിരുന്നവർ ആരെല്ലാം? വിവരിക്കുക. (2)
(4) വാസൂട്ടിയോട് ദാസൻ പറഞ്ഞത് എന്ത്? (2).

Question 3.

ഒരു ദിവസം അച്ചു ഇതു പറയുമെന്ന് അയാൾക്കറിയാമാ-
രുന്നു. അപ്പോൾ എന്താണ് മറുപടി പറയേണ്ടത് എന്ന്
ചിന്തിച്ചിരുന്നു. ഇനിയും അയാൾക്കൊരുത്തരം കിട്ടിയില്ല

ചോദ്യങ്ങൾ:-

(1) മഴുപ്പിള്ളാർ സിനിമയെ എങ്ങനെയാണ് സ്വീകരിച്ചത്

(2) അച്ചുവിന്റെ വിജയമായിരുന്നു അത് - ഏത്? (3

(3) നെസ്സുവമ്മക്ക് മകനെ കാണാൻ കഴിയാത്തത് എന്തു കൊണ്ട്? (2

(4) കുറമ്പിയമ്മ അച്ചുവിനെ പിൻതാങ്ങി സംസാരിച്ചത് എന്തുകൊണ്ട്? (2

## സാഹിത്യസുരഭി (കഥകൾ).

Question 4

ആ ജീവിതം എന്തൊരു മഹാത്യാഗമാണ്! വാർദ്ധക്യം വരുന്നതിനുമുമ്പ് ആ മുഖം ഒരിക്കലും മായാത്ത ഒരു ചിരി കൊണ്ടു പ്രസന്നമായിരുന്നു.

ചോദ്യങ്ങൾ

(1) അച്ഛനും മകനും തമ്മിലുള്ള ബന്ധത്തിന്റെ തീവ്രത വിവരിക്കുക. (3)

(2) കിഴവന്റെ ഹൃദയം ഒളിപ്പിച്ചു വച്ച രഹസ്യങ്ങൾ എന്തെല്ലാം? (3)

(3) അങ്ങനെ ആ സംഗതി തിരുമാനിക്കപ്പെട്ടു തിരുമാനിക്കപ്പെട്ടതെന്ത്? (2)

(4) പത്മനാഭപിള്ളയുടെ ഉള്ളിൽ ഉണർന്ന ചിന്തകൾ എന്തെല്ലാം? (2)

Question 5.

അവന്റെ വാക്കുകൾ ജനങ്ങളിലേക്ക് ആഴ്ന്നിറങ്ങി. ചെ
പ്പക്കാർ ഊർജ്ജസ്വലരായി, അവരുടെ ഉള്ളുകൾ ആത്മ
വിശ്വാസത്താൽ പിടച്ചു

ചോദ്യങ്ങൾ :-

(1) നേതാവിന്റെ സംശയത്തിന് കൃഷ്ണൻകുട്ടി മറു
പറഞ്ഞതെന്ത്?

(2) ചെറുപ്പക്കാരുടെ തീരുമാനം എന്തായിരുന്നു?

(3). തലമൂത്തവർ പോലും നിരാശതയ്ക്കു വിധേയരാ
എപ്പോൾ? (

(4) അവർ പുച്ഛത്തോടെ അതിശയിച്ചു- ആര്?-
എപ്പോൾ?

Question 6.

പല വികാരങ്ങൾ. അവളോട് അകാരണമായി ഒരു ദേ
അവൾ ഇങ്ങനെ താക്കീതുകളൊന്നും കൂടാതെ എല്ലാ
ലകളും തന്റെ തലയിൽ വച്ചുകൊണ്ട്, പോയല്ലോ!

ചോദ്യങ്ങൾ :-

(1) കുട്ടികളെക്കുറിച്ച് അവർ കണ്ട സ്വപ്നങ്ങൾ എന്തെ
(

(2) അയാൾ ഓഫീസിൽ നിന്നു വന്നപ്പോൾ കണ്ട
കാഴ്ച എന്ത്? (3

(3) ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധത്തിന്റെ
തീവ്രത വിവരിക്കുക. (2)

(4) അവളെക്കുറിച്ചുള്ള അയാളുടെ അവസാനത്തെ
ഓർമ്മ എന്ത്? (2)